"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് വാണിയംകുളം ടി.ആർ.കെ. ഹയർ സെക്കന്ററി സ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി. ശിശിര ഐ.കെ. യുടെ നിയമനാംഗീകാരം സംബന്ധിച്ച് സ്കൂൾ മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.5368/2026/GEDN** തീയതി, തിരുവനന്തപുരം, 11-08-2026

---

പരാമർശം:-
1. സ. ഉ. (കൈ) നം. 54/2024/പൊവിവ, തീയതി 01/06/2024.
2. ടി.ആർ.കെ. ഹയർ സെക്കണ്ടറി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 11/05/2026 തീയതി റിവിഷൻ ഹർജി.
3. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഡിഇഒ ഒടിപി/979/2026-ബി3 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03/07/2026 തീയതിയിലെ DGE/11224/2026-EM3 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് വാണിയംകുളം ടി.ആർ.കെ. ഹയർ സെക്കന്ററി സ്കൂളിൽ 01/06/2022 മുതൽ യു.പി.എസ്.ടി. ആയി നിയമിക്കപ്പെട്ട ശ്രീമതി ശിശിര ഐ.കെ. യുടെ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച് ടി സ്കൂൾ മാനേജർ സർക്കാർ മുൻപാകെ പരാമർശം (2) പുന:പരിശോധന ഹർജി സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 04/07/2026 തീയതിയിൽ ഹർജിക്കാരെയും വിദ്യാഭ്യാസ ഓഫീസർമാരെയും ഗൂഗിൾ മീറ്റ് മുഖേന കേട്ടിരുന്നു.

**2. ഹർജി വിഷയം ഇപ്രകാരമായിരുന്നു :**

ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽപ്പെട്ട വാണിയംകുളം ടി.ആർ.കെ. ഹയർസെക്കന്ററി സ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി നിഷ ഇ.വി. 31/05/2022-ന് സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീമതി. ശിശിര ഐ.കെ. എന്ന അദ്ധ്യാപികയെ 01/06/2022 മുതൽ നിയമിച്ചിരുന്നു. എന്നാൽ ഈ നിയമനം ഉത്തരവ് നമ്പർ B3/36292/2022, തീയതി 30/03/2023 പ്രകാരം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരുന്നു. താഴെ പറയുന്ന കാരണങ്ങളാൽ ആണ് നിയമനം നിരസിച്ചത്.

1. 2022-23 വർഷത്തിൽ സ്കൂളിൽ 18 യു.പി.എസ്.ടി തസ്തിക അനുവദിച്ചതിൽ നിയമിത ഉൾപ്പെടെ 17 പേർ ജോലി ചെയ്യുന്നു. എന്നാൽ യു.പി.എസ്.ടി. തസ്തികയിൽ നിന്നും

പ്രൊമോഷൻ ലഭിച്ച ശ്രീമതി. ഷീജ കെ., എച്ച്.എസ്.ടി (എൻ.എസ്.), ശ്രീ. മോഹനൻ എച്ച്.എസ്.ടി (എസ്.എസ്) എന്നിവരുടെ പ്രൊമോഷൻ അംഗീകരിച്ചിട്ടില്ല.

2. യു.പി.എസ്.ടി. കാറ്റഗറിയിൽ മുൻ നിയമിതരുടെ അംഗീകാരം ലഭിച്ചിട്ടില്ല. കൂടാതെ ഭിന്നശേഷി സംവരണം പാലിച്ചിട്ടില്ല.

നിയമനം നിരസിച്ച ഉത്തരവിന് എതിരെ സമർപ്പിച്ച അപ്പീൽ, പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നമ്പർ ബി5/219281/2023, തീയതി 06/09/2023 പ്രകാരം ഇതേ കാരണങ്ങളാൽ നിരസിച്ചിരുന്നു. പിന്നീട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു എങ്കിലും ഉത്തരവ് നമ്പർ EM1/704437/2024 തീയതി 17/06/2025 പ്രകാരം താഴെ പറയുന്ന കാരണത്താൽ റിവിഷൻ അപ്പീൽ നിരസിച്ചിരിക്കുകയാണ്.

ടി സ്കൂളിൽ 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് റിവൈസ് ചെയ്യുകയും, ആയത് പ്രകാരം ആദ്യം അനുവദിച്ച 18 യു.പി.എസ്.ടി. തസ്തികകൾ 17 ആയി കുറഞ്ഞിട്ടുണ്ട്. 2023-24 വർഷത്തിലും 17 യു.പി.എസ്.ടി. തസ്തിക ആണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ടിയാൾക്ക് തസ്തിക നിലവിൽ ഇല്ല.

നിയമിതയ്ക്ക് 2023-2024 വർഷത്തിലും തസ്തിക ലഭ്യമല്ല എന്നുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം വസ്തുതാപരമായി ശരിയല്ല. നിയമന വർഷത്തിൽ തസ്തിക ലഭ്യമല്ലാത്ത സാഹചര്യം വന്നിരുന്നു എങ്കിലും താഴെ പറയുന്ന വസ്തുതകൾ പരിഗണിച്ച് ഈ നിയമനം 01/06/2023 മുതൽ അംഗീകരിക്കാവുന്നതാണ്.

1. ഈ സ്കൂളിൽ 2022-23 വർഷത്തിൽ തസ്തിക നിർണയത്തിന് ശേഷം ഏതാനും കുട്ടികൾ ടി.സി. വാങ്ങി പോയതിനാൽ തസ്തിക നിർണ്ണയം റിവൈസ് ചെയ്യുകയും ഒരു യു.പി.എസ്.ടി. തസ്തിക കുറവ് വരുത്തി 17 തസ്തിക അനുവദിച്ചിരുന്നു. 2022-23 വർഷത്തിൽ നിയമിത ഉൾപ്പെടെ 17 യു.പി.എസ്.ടി. അധ്യാപകർ ആയിരുന്നു ജോലി ചെയ്തിരുന്നത്. എന്നാൽ എച്ച്.എസ്.ടി. (എൻ.എസ്.) ആയി പ്രൊമോഷൻ നൽകിയിരുന്ന ശ്രീമതി. ഷീജ കെ.ക്ക് കെ-ടെറ്റ് (III) ഇല്ലാത്തതിനാൽ യു.പി.എസ്.ടി ആയി റിവേർട്ട് ചെയ്തിരുന്നു. ആയതിനാൽ 17 യു.പി.എസ്.ടി തസ്തികയിൽ റിവേർട്ട് ചെയ്ത ശ്രീമതി. ഷീജ കെ. ഉൾപ്പെടെ 18 പേർ ജോലി ചെയ്തതിനാൽ ശ്രീമതി. ശിശിര ഐ.കെ. ക്ക് നിയമന വർഷത്തിൽ തസ്തിക ലഭ്യമായിരുന്നില്ല.

2. എന്നാൽ, അടുത്ത വർഷം 01/06/2023 മുതൽ യു.പി.എസ്.ടി. ശ്രീമതി. ധന്യ ജി. (യു.പി.എസ്.ടി) യെ എച്ച്.എസ്.ടി. (കണക്ക്) തസ്തികയിലേക്ക് പ്രൊമോഷൻ നൽകുകയും ഒരു യു.പി.എസ്.ടി. ഒഴിവ് വരികയും ചെയ്തിരുന്നു. ഈ ഒഴിവിൽ ആരെയും നിയമിച്ചിട്ടില്ല. ശ്രീമതി. ധന്യയുടെ പ്രൊമോഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ, 01/06/2023 മുതൽ യു.പി. വിഭാഗത്തിൽ ആകെ 17 പേർ മാത്രമാണ് ജോലി ചെയ്യുന്നത്. 2023-24 വർഷത്തെ തസ്തിക നിർണ്ണയം പ്രകാരം 17 യു.പി.എസ്.ടി തസ്തിക അനുവദിച്ചിട്ടുണ്ട്. ആയതിനാൽ, 01/06/2023 മുതൽ ടിയാൾക്ക് നിലനിൽക്കുവാൻ ശ്രീമതി. ധന്യ ജി. യുടെ പ്രൊമോഷൻ ഒഴിവ് ലഭ്യമാണ്.

3. ശ്രീമതി. ധന്യ ജി.യെ 01/06/2023 മുതൽ എച്ച്.എസ്.ടി (കണക്ക്) ആയി പ്രൊമോട്ട് ചെയ്ത ഒഴിവ് വന്നിരുന്ന എങ്കിലും ശ്രീമതി. ശിശിരയെ പ്രസ്തുത ഒഴിവിലേക്ക് മാറ്റി നിയമിച്ചിരുന്നില്ല. മുൻ വർഷം (2022-23) ഏതാനും കുട്ടികൾ ടി.സി. വാങ്ങി പോയതിനാൽ ഒരു ഡിവിഷൻ കുറവ് വരുത്തിയ ഉത്തരവ് സമന്വയയിൽ യഥാസമയം മാനേജർക്ക് ലഭിച്ചിരുന്നില്ല. ആയതിനാൽ, ശ്രീമതി. ധന്യയുടെ പ്രൊമോഷൻ ഒഴിവിലേക്ക് മാറ്റി നിയമിക്കുവാൻ കഴിഞ്ഞിരുന്നില്ല. യു.പി.എസ്.ടി. കാറ്റഗറിയിലെ എല്ലാ സീനിയർമാരുടെയും നിയമനം ഇപ്പോൾ അംഗീകരിച്ചിട്ടുണ്ട്. ശ്രീമതി. ധന്യ ജി.യുടെ പ്രൊമോഷൻ ഒഴിവിൽ മറ്റാരെയും നിയമിച്ചിട്ടുമില്ല.

ആയതിനാൽ, ശ്രീമതി. ധന്യ ജി. യു.പി.എസ്.ടി യെ 01/06/2023 മുതൽ എച്ച്.എസ്.ടി (കണക്ക്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി. ശിശിര ഐ.കെ. യുടെ നിയമനം പരിഗണിക്കുന്നതിനും അപ്രകാരം പുതിയ നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിനും ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് നൽകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

**3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമായിരുന്നു :**

വാണിയംകുളം ടി.ആർ.കെ.എച്ച്.എസ്-ലെ യു.പി.എസ്.ടി. ശ്രീമതി. ഇ.വി. നിഷ 31/05/2022-ന് റിട്ടയർ ചെയ്ത ഒഴിവിൽ ശ്രീമതി. ശിശിര ഐ.കെ. യെ യു.പി.എസ്.ടി. തസ്തികയിൽ മാനേജർ നിയമിച്ചു. മറ്റ് അപാകതകളോടൊപ്പം 2022-23-ലെ തസ്തിക നിർണ്ണയം റിവൈസ് ചെയ്തതിനാൽ ശ്രീമതി. ശിശിരയെ ഉൾക്കൊള്ളുന്നതിന് തസ്തിക നിലവിലില്ല എന്ന കാരണങ്ങളാൽ പ്രസ്തുത നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസറും വിദ്യാഭ്യാസ ഉപഡയറക്ടറും ഈ കാര്യാലയത്തിൽ നിന്നും നിരസിക്കുകയുണ്ടായി.

ടി സ്കൂളിലെ യു.പി.എസ്.ടി. ധന്യ ജി.യെ 01/06/2023 മുതൽ എച്ച്.എസ്.ടി (ഗണിതം) തസ്തികയിലേക്ക് പ്രൊമോട്ട് ചെയ്ത ഒഴിവിൽ ശ്രീമതി. ശിശിരക്ക് നിലനിൽക്കുന്നതിന് വ്യവസ്ഥാപിതമായ ഒഴിവ് ലഭ്യമായതിനാൽ ശ്രീമതി. ശിശിര ഐ.കെ. യുടെ നിയമനം അംഗീകരിക്കണമെന്നതാണ് പുന:പരിശോധന ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീമതി. ശിശിര ഐ.കെ. യെ 01/06/2022 മുതൽ യു.പി.എസ്.ടി. തസ്തികയിൽ നിയമിച്ചിരുന്നത് ശ്രീമതി. നിഷ ഇ.വി. 31/05/2022-ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിലേക്കായിരുന്നു. എന്നാൽ ശ്രീമതി. നിഷ ഇ.വി. വിരമിച്ച ഒഴിവിൽ 20/07/2021 മുതൽ 18-ാമത്തെ തസ്തികയിൽ നിയമിച്ചിരുന്ന ശ്രീമതി.സിനി കെ.യെ 2022-23 വർഷം നിലനിർത്തിയിരുന്നു. ആയതിനാൽ ശ്രീമതി. നിഷ ഇ.വി. 31/05/2022-ന് വിരമിച്ച ഒഴിവ് 2022-23 വർഷം ലഭ്യമാവുന്നില്ല. ടി സ്കൂളിൽ 2022-23 അധ്യയന വർഷം ഒരു തസ്തിക കുറവ് വന്നതുമൂലം ആകെ 17 യു.പി.എസ്.ടി തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. 2021-22 വർഷം വരെ 18-ാമത്തെ അധിക തസ്തികയിൽ നിയമനാംഗീകാരം ലഭിച്ച് തുടർന്നു വന്നിരുന്ന ശ്രീമതി. സിനി.കെ. യെ 2022-23 വർഷം ഒരു തസ്തിക കുറവ് വന്നിരുന്നെങ്കിലും ശ്രീമതി. നിഷ ഇ.വി. 31/05/2022-ന് വിരമിച്ച ഒഴിവ് നിലനിന്നിരുന്നതിനാൽ പ്രസ്തുത ഒഴിവിലേക്ക് നിലനിർത്തുകയാണ് ചെയ്തിരുന്നത്. ആയതിനാൽ, ശ്രീമതി.നിഷ ഇ.വി. 31/05/2022 ന് വിരമിച്ച ഒഴിവിൽ ശ്രീമതി. ശിശിര ഐ.കെ. യെ നിയമിക്കുന്നതിന് സാധിക്കുകയില്ല.

എന്നാൽ, ശ്രീമതി. സിനി കെ. കഴിഞ്ഞാൽ യു.പി.എസ്.ടി തസ്തികയിൽ മാനേജർ നിയമിച്ച അദ്ധ്യാപകരിൽ സീനിയറായിട്ടുള്ള ഉദ്യാഗോർത്ഥി ശ്രീമതി. ശിശിര.ഐ.കെ. ആണ്. 01/06/2022-ന് ശേഷം സ്കൂളിൽ നിലവിൽ വന്ന ആദ്യത്തെ ഒഴിവ് ശ്രീമതി. ധന്യ ജി., യു.പി.എസ്.ടി. യെ 01/06/2023 മുതൽ എച്ച്.എസ്.ടി. (ഗണിതം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതു മൂലം വന്നിട്ടുള്ള ഒഴിവാണ്. ശ്രീമതി. ധന്യ ജി.യെ എച്ച്.എസ്.ടി (ഗണിതം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളതിനാൽ ഒഴിവ് സ്പഷ്ടമാണ്. 2023-24 വർഷം യു.പി.എസ്.ടി തസ്തികകളിൽ 1 കുറവ് വന്ന് 16 തസ്തികകൾ മാത്രമേ നിലനിൽക്കുന്നുള്ളൂ എങ്കിലും 03/06/2024 മുതൽ ശ്രീമതി. നിമ്യ വിജയൻ ടി., യു.പി.എസ്.ടി. യെ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവ് ലഭ്യമാണ് എന്നതിനാൽ പ്രസ്തുത ഒഴിവിലേക്ക് നിലനിർത്തുന്നതിന് സാധ്യമാണ്. ഈ ഒഴിവിലേക്ക് മാനേജർ പുതിയ നിയമനം (03/06/2024 മുതൽ ശ്രീമതി അഞ്ജു പി.ബി.യെ) നടത്തിയിട്ടുണ്ട്. എന്നാൽ സീനിയർ ആയ ശ്രീമതി. ശിശിര ഐ.കെ. യുടെ നിയമനം പ്രസ്തുത ഒഴിവിലേക്ക് ക്രമീകരിക്കേണ്ടതാണെന്ന് കാണുന്നു. ശ്രീമതി. നിമ്യ വിജയൻ ടി., യു.പി.എസ്.ടി. -യെ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചതിനാൽ പ്രസ്തുത തസ്തികയിലുള്ള ഒഴിവും സ്പഷ്ടമാണ്.

മേൽ സാഹചര്യത്തിൽ, ശ്രീമതി. ധന്യ ജി. യെ 01/06/2023-ന് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിലേക്ക് ശ്രീമതി. ശിശിര ഐ.കെ. യെ മാനേജർ മാറ്റി ക്രമീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത നിയമന പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം കണക്കാക്കാതെ പരിഗണിക്കുന്നതിന് നിർദ്ദേശം ലഭിക്കുകയാണെങ്കിൽ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ പരിഗണിക്കാവുന്നതാണെന്ന വിവരം അങ്ങയെ അറിയിക്കുന്നു. എന്നാൽ, പ്രൈമറി വിഭാഗത്തിൽ ഭിന്നശേഷി സംവരണ നിയമനത്തിനായി മതിയായ എണ്ണം ഒഴിവുകൾ മാനേജർ മാറ്റി വെയ്ക്കുകയോ ഒഴിവ് റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല എന്നതിനാൽ ശ്രീമതി. ശിശിര ഐ.കെ യുടെ നിയമനം ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾക്ക് വിധേയമായി താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**4.** പരാമർശം (2) പുന:പരിശോധന ഹർജി വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, ഹിയറിങ് സമയത്തു ബോധിപ്പിച്ചിരുന്ന വസ്തുതകൾ, കെ.ഇ.ആർ. വ്യവസ്ഥകൾ, നിലവിലെ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം പരിശോധിച്ചു. വാണിയംകുളം ടി.ആർ.കെ.എച്ച്.എസ്. ലെ യു.പി.എസ്.ടി. ശ്രീമതി. ഇ.വി. നിഷ 31/05/2022 ന് റിട്ടയർ ചെയ്ത ഒഴിവിൽ 01/06/2022 മുതലുള്ള ശ്രീമതി. ശിശിരയുടെ നിയമനം പരിഗണിക്കപ്പെടുന്നതിന് 31/05/2023 വരെ തസ്തികകൾ ലഭ്യമല്ലാതിരുന്നതിനാലും 01/06/2023 മുതൽ ശ്രീമതി. ധന്യ ജി.ക്ക് എച്ച്.എസ്.ടി. (ഗണിതം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭ്യമായതിനാൽ ഒഴിവു വന്ന യു.പി.എസ്.ടി. തസ്തികയിൽ ശ്രീമതി. ശിശിര ഐ.കെ. യുടെ നിയമനം പരിഗണിക്കാവുന്നതാണ് എന്നതിനാലും വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി ശിശിര ഐ.കെ. യുടെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ 01/06/2023 മുതൽ ശ്രീമതി. ധന്യ ജി.ക്ക് എച്ച്.എസ്.ടി (ഗണിതം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭ്യമായതിനാൽ ഒഴിവു വന്ന യു.പി.എസ്.ടി. തസ്തികയിൽ ഭിന്നശേഷി സംവരണ നിയമന

വ്യവസ്ഥകൾക്കു വിധേയമായി താത്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അനുമതി നൽകി അപ്രകാരം പരാമർശം (2) പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം - 695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം - 679 101.
മാനേജർ, ടി.ആർ.കെ.എച്ച്.എസ്.എസ്., വാണിയംകുളം പി.ഒ., പാലക്കാട് - 679 522.
ശ്രീമതി. ശിശിര ഐ.കെ., യു.പി.എസ്.ടി., ടി. ആർ. കെ. എച്ച്. എസ്, വാണിയംകുളം പി.ഒ., പാലക്കാട് - 679 522.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ ( GEDN-B3/110/2026-G.EDN).

ഉത്തരവിൻ പ്രകാരം
Digitally signed by
Ragasmitha V M
Date: 11-08-2026
14:32:54
സെക്ഷൻ ഓഫീസർ